# ഞങ്ങൾ യോഗ്യന്മാർ!

സി. ജെ. തോമസ്



ഞങ്ങൾ യോഗ്യന്മാർ!
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Laughing Fool.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

സി. ജെ. തോമസ്സിന്റെ രണ്ടു ചെറിയ ലേഖനങ്ങളാണ് ഇന്ന് സായാഹ്ന പ്രസിദ്ധീകരിക്കുന്നത്, അര നൂറ്റാണ്ടിനും മുമ്പ് എഴുതിയത്. ‘വലത്’ ‘ഇടത്’ അധികാര നിർവഹണത്തിലെ തകരാറുകളെ സ്വതസിദ്ധമായ ശൈലിയിൽ ഇവയിലും സി ജെ തുറന്നു കാട്ടുന്നു. അധികാരത്താൽ ഉന്മത്തരാവുന്ന അധികാരികളെ അവരുടെ മടയിൽ ചെന്ന് നേരിടുന്ന ഇതിലെ പരിഹാസത്തിൽ തിളയ്ക്കുന്ന രോഷവും കാണാൻ പറ്റും. സി ജെ-യുടെ പല എഴുത്തുകളും സായാഹ്നയുടെ വായനക്കാർ ഇതിനകം ഇവിടെ കണ്ടിരിക്കും. ഒന്ന് ശ്രദ്ധിച്ചാൽ, ബുദ്ധി ജീവിതത്തിന്റെ ഒരടിസ്ഥാന സങ്കൽപ്പത്തെ സി ജെ തന്റെ എഴുത്തിലുടനീളം പിൻപറ്റുന്നത് നമുക്ക് കാണാം. അത് അധികാര ബന്ധങ്ങളിലെ സ്ഥാപനവൽക്കരണത്തെ നേരിടുമ്പോൾ ഈ എഴുത്തുകാരൻ പുലർത്തുന്ന ജാഗ്രതയാണ്. ഈ ചെറിയ കുറിപ്പുകളിലും അത് കാണാം. ഇക്കാലത്ത് അതൊരു ചില്ലറക്കാര്യവുമല്ല.

—സായാഹ്നപ്രവർത്തകർ

# ഞങ്ങൾ യോഗ്യന്മാർ!

വെള്ളം കൊണ്ടുവരൂ. ഞങ്ങൾ കൈ കഴുകട്ടെ. ഞങ്ങൾക്ക് ഇന്ത്യയുടെ രക്തത്തിൽ പങ്കില്ല!

അവർ റഷ്യക്കാരാണ്. അവർക്ക് ദേശാഭിമാനമില്ല. അവർ ആർഷഭാരതത്തിന്റെ ശത്രുക്കളാണ്. സമരത്തിന്റെ ഓരോ ഘട്ടത്തിലും അവർ ഞങ്ങളെ വഞ്ചിച്ചു. അവരാണ് ഇന്നത്തെ കുഴപ്പത്തിനെല്ലാം കാരണം. അവർ നശിക്കട്ടെ!

അവർ ഒന്നും തിരിയാത്ത വെറും തൊഴിലാളികളെ ഇളക്കിവിടുന്നു. കൂലി കൂടുതൽ ചോദിക്കുന്നു. അവരാണ് സാധാരണക്കാരനെ അനുസരണമില്ലാത്തവനാക്കിത്തീർത്തത്. ഞങ്ങളുടെ ദിവ്യമായ നേതൃത്വത്തെ ചോദ്യം ചെയ്യാൻ പഠിപ്പിച്ചതും അവർ തന്നെ. അവരുടെ സംസാരം കേട്ടാൽത്തോന്നും, ഞങ്ങൾ വെറും മനുഷ്യരാണെന്ന്! അവർ തുലയട്ടെ!

അവർ നിരീശ്വരന്മാരാണ്, സദാചാരമില്ലാത്തവരാണ്. അവർ ക്ഷേത്രത്തിൽ പോകുന്നില്ല, ഹജ്ജിന് പോകുന്നില്ല, കുമ്പസാരിക്കുന്നുമില്ല, അവർക്ക് നീതിയില്ല, നെറിയില്ല, സത്യമില്ല, മര്യാദയില്ല, ഒന്നുമില്ല. അവരെ വളരെ പണ്ടുതന്നെ ഈശ്വരൻ ശപിച്ചുവിട്ടിരിക്കുകയാണ്.

ഞങ്ങൾ ഹിന്ദുക്കളാണെന്നവർ പറഞ്ഞു. ഞങ്ങൾ ജിന്നയുമായി സന്ധിയുണ്ടാക്കണമെന്ന് അവർ പ്രചരണം ചെയ്തു. അവരെ തോല്പിക്കുവാൻവേണ്ടി ഞങ്ങൾ ഇന്ത്യയെ പങ്കിട്ടു.

അവർ റഷ്യയുടെ ഏജന്റുമാരാണ്. അതുകൊണ്ട് ഞങ്ങൾ ബ്രിട്ടന്റെയും അമേരിക്കയുടെയും സോൾ ഏജൻസി എടുത്തു. അവർ റസാക്കാർമാരെ എതിർത്തു. പോരാഞ്ഞിട്ട് ഇപ്പോഴും ഗവർമ്മെണ്ടിനെ എതിർക്കുന്നു.

അവർ അക്രമം പ്രവർത്തിക്കുന്നു. അതുകൊണ്ട് ഞങ്ങൾ അവരെ വെടിവെക്കുന്നു. അവർ അഹിംസയിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ട് അവരെ ലാത്തിച്ചാർജ്ജ് ചെയ്യാതെ നിവൃത്തിയില്ലാതായിരിക്കുന്നു.

റഷ്യയിൽ പൗരസ്വാതന്ത്ര്യമില്ല. അതുകൊണ്ട് ഞങ്ങൾ 144 പാസ്സാക്കുന്നു. റഷ്യയിൽ ഏകകക്ഷി മേധാവിത്വമാണ്. അതുകൊണ്ട് ഞങ്ങൾ ഇവിടെ മറ്റൊരു പാർട്ടിയേയും അനുവദിക്കുകയില്ല.

അവരുടെ പത്രങ്ങളിൽ ഞങ്ങളെ വിമർശിക്കുന്നു. അതുകൊണ്ട് അവയെ തടയാതെ നിവൃത്തിയില്ല.

അവർ ഉൽപാദനക്കുഴപ്പമുണ്ടാക്കുന്നു. അതുകൊണ്ടാണ് റേഷൻ കിട്ടാത്തത്. അവർ കൂലി കൂടുതൽ ചോദിക്കുന്നു. അതുകൊണ്ട് ഞങ്ങൾ പഞ്ചസാരയുടെ വിലകൂട്ടി.

അവർ കൂടുതൽ കൂടുതൽ ആളുകളെ വഴിതെറ്റിക്കുന്നു. അതുകൊണ്ട് ഞങ്ങൾ പോലീസും പട്ടാളവും വർദ്ധിപ്പിക്കുന്നു.

അവർ തൊഴിലാളിസംഘടന തട്ടിയെടുത്തു. അതുകൊണ്ട് ഞങ്ങൾ ഒറ്റരാത്രിയിൽ 1,00,00,00,000 അംഗങ്ങളെച്ചേർത്ത് മറ്റൊന്നുണ്ടാക്കി. കർഷകസംഘടനയുടെ കാര്യവും തഥൈവ. വിദ്യാർത്ഥി ഡിപ്പാർട്ടുമെന്റിലും അങ്ങിനെയൊന്ന് ഗർഭത്തിലുണ്ട്.

അവർ ചാരവൃത്തി നടത്തുന്നു. അപ്പോൾ ഉദ്യോഗങ്ങളെല്ലാം ഞങ്ങളുടെ മരുമക്കൾക്കും, അളിയന്മാർക്കും കൊടുക്കാതെ എന്തുചെയ്യും? കോൺട്രാക്കുകൾ ഞങ്ങൾ തന്നെയെടുക്കുകയാണ് അതുവെറുതെ ത്യാഗത്തിന്റെ പ്രതിഫലം. അതിലും അവർക്ക് അസൂയയാണ്.

അവർ ക്ഷമയില്ലാത്തവരാണ്. ഒരു ഇരുനൂറുവർഷമെങ്കിലും അവർക്ക് ക്ഷമിച്ചുകൂടേ? ഇപ്പോൾ വെറും രണ്ടുവർഷമേ ആയിട്ടുള്ളൂ.

അവർ കുപ്രചരണം നടത്തുന്നു. ഞങ്ങൾ ഒന്നു ചെയ്തിട്ടില്ലെന്നാണവർ പറഞ്ഞുപരത്തുന്നത്. ഞങ്ങൾ മദ്യനിരോധം നടപ്പിലാക്കിയില്ലേ? ഹിന്ദി പഠിപ്പിച്ചില്ലേ? ഐക്യകേരളം കൊടുത്തില്ലേ? ആർ. എസ്. എസ്സിനെ തകർത്തില്ലേ?

അവർ ബർമ്മയുടേയും ചൈനയുടേയും കഥ പറയുന്നു. അതുകൊണ്ട് ഞങ്ങൾ സ്പെയിനിന്റെയും പോർട്ടുഗലിന്റെയും കഥ പറയുന്നു.

നൂറുവർഷം മുമ്പ് അവർ ഒരു പ്രേതമായിരുന്നു, ഇന്നവർ ജീവനുള്ള പ്രേതമാണ്. അവർ പാപികളാണ്, തെറ്റുകാരാണ്, കുറ്റക്കാരാണ്, പോക്രികളാണ്, തെമ്മാടികളാണ്.

ഞങ്ങളോ? ഞങ്ങൾ പരിശുദ്ധന്മാരാണ്, പച്ചവെള്ളം ചവച്ചുകുടിക്കുന്നവരാണ്. ഞങ്ങൾ മാന്യന്മാരാണ്. ഞങ്ങൾ അഹിംസാവ്രതക്കാരാണ്. അതിനെ ചോദ്യംചെയ്യുന്നവരെയെല്ലാം ഞങ്ങൾ വെടിവെച്ചുകളയും. ഞങ്ങൾ സസ്യഭുക്കുകളാണ്. ഞങ്ങൾ സർവ്വജ്ഞന്മാരാണ്. ഞങ്ങൾ സുന്ദരന്മാരാണ്. ഞങ്ങളുടെ വിയർപ്പിൽപോലും സുഗന്ധമാണ്. ഞങ്ങൾക്ക് "തെറ്റാവര"മുണ്ട്. ഞങ്ങൾ ഈശ്വരന്റെ പ്രതിപുരുഷന്മാരാണ്, അല്ല, ഞങ്ങൾ തന്നെയാണ് ദൈവം.

പട്ടിണിയുണ്ടെങ്കിൽ അത് അവരുടെ തെറ്റാണ്. പകർച്ചവ്യാധിയുണ്ടെങ്കിൽ അത് അവരാണ് പകർത്തുന്നത്. അവരാണ് തൊഴിലില്ലായ്മയുണ്ടാക്കിയത്. അവരാണ് ഉൽപാദനം കുറച്ചതും വിലകൂട്ടിയതും. എന്നിട്ടും ഞങ്ങളുടെ കരുണ നോക്കു! അവരിൽ എത്രയായിരം പേർക്ക് ഞങ്ങൾ ഭക്ഷണം കൊടുക്കുന്നു! പിന്നെയും അവർ പിറുപിറുക്കുകയാണ്. എന്തൊരു നന്ദിയില്ലാത്ത വർഗ്ഗം!

നാട്ടിലെ സർവ്വകുഴപ്പങ്ങൾക്കും ഉത്തരവാദി അവരാണ്. ഞങ്ങളല്ല.

വെള്ളം കൊണ്ടുവരൂ. ഞങ്ങൾ കൈ കഴുകട്ടെ. ഞങ്ങൾക്ക് ഇന്ത്യയുടെ രക്തത്തിൽ പങ്കില്ല!

ആഗസ്റ്റ് പതിനഞ്ചും പതിനാറും വിജയിക്കട്ടെ!

ജയ്ഹിന്ദ്!

ജയകേരളം 13 ആഗസ്റ്റ് 1949.

# പിന്നെയോ?

“...അതേ. അങ്ങനെ ലോകവിപ്ലവം ഉണ്ടാകും. ശരി. പിന്നെ?”

“പിന്നെ, അധ്വാനിക്കുന്നവന്റെ സർവാധിപത്യം സ്ഥാപിക്കും. ഇത്തിക്കണ്ണിവർഗ്ഗങ്ങൾ എല്ലാം പറിച്ചുകളയപ്പെടും. അങ്ങനെ നീതിനടപ്പിലാകും. അങ്ങനെ വർഗ്ഗരഹിതമായ ഒരു സമുദായം സ്ഥാപിക്കപ്പെടും.”

“ശരി. പിന്നെ?”

“പിന്നെയോ? പിന്നെയെന്താ, സോഷ്യലിസ്റ്റ് ഉല്പാദനം ആരംഭിക്കും.”

“പിന്നെ?”

“എന്തു പിന്നെ?”

“അതു കഴിഞ്ഞിട്ടെന്താണെന്നാണ് ഞാൻ ചോദിച്ചത്.”

“ഏതു കഴിഞ്ഞിട്ട്.”

“ഈ വിപ്ലവമൊക്കെ കഴിഞ്ഞിട്ടേ.”

“ചോദ്യം മനസ്സിലായില്ല.”

“ഈ സമരമില്ലേ സമരം. വിപ്ലവമൊക്കെക്കഴിഞ്ഞ് എല്ലാവർക്കും വേണ്ടതെല്ലാം കിട്ടിക്കൊണ്ടിരിക്കുമ്പോൾ എന്താണ് സമരം?”

“നിങ്ങൾ ഒരു സമരപ്രിയനാണെന്നു തോന്നുന്നു. അന്നൊരു സമരവുമുണ്ടാകയില്ല.”

“ഇല്ലേ. വളരെ നന്നായി. പക്ഷേ, വൈരുദ്ധ്യം എന്നൊന്നില്ലേ?”

“എന്തു വൈരുദ്ധ്യം?”

“ഈ ഡയലക്റ്റിക്സിലെ വൈരുദ്ധ്യം. അതാണ് ഞാൻ ചോദിച്ചത്.”

“ഓ അത്. അല്ലേ... അത്. പ്രകൃതിയും മനുഷ്യനും തമ്മിൽ ആയിരിക്കും. അത് സമരം തന്നെയാണ്.”

“അത് പണ്ടുമുതൽ നടന്നുവരുന്നതല്ലേ? അന്നതിനു പ്രത്യേകമായിട്ടെന്താണുള്ളത്?”

“ഒന്നുമില്ല.”

“പോരെങ്കിൽ മനുഷ്യ സമുദായത്തിനകത്തും ഡയലക്റ്റിക്സ് ഇല്ലേ? വർഗ്ഗങ്ങൾ ഇല്ല. ശരിയാണോ?”

“ശരി.”

“വൈരുദ്ധ്യങ്ങൾ ഉണ്ട്. ശരിയാണോ?”

“ശരി.”

“ആരു തമ്മിലാണു വൈരുദ്ധ്യം?”

“ഉല്പാദകനും ഉപഭോക്താവും തമ്മിൽ.”

“അന്ന് പ്ലാനിംഗ് ഉണ്ടായിരിക്കുകയില്ലേ?”

“തീർച്ചയായും.”

“പിന്നെയെങ്ങനെയാണ് ഉൽപാദകനും ഉപഭോക്താവും തമ്മിൽ വൈരുദ്ധ്യം? പോരെങ്കിൽ സകല ഉൽപാദകനും മറ്റൊരുതരത്തിൽ ഉപഭോക്താവല്ലേ, മറിച്ചും? അതുംപോരെങ്കിൽ ഇപ്പോൾത്തന്നെ ഉല്പാദകനും ഉപഭോക്താവും തമ്മിൽ വൈരുദ്ധ്യമില്ലേ? അതുതീർക്കാനല്ലേ വിപ്ലവം നടത്തുന്നതു തന്നെ?”

“അങ്ങനെയല്ല. വൈരുദ്ധ്യം സ്ത്രീയും പുരുഷനും തമ്മിലായിരിക്കും.”

“വിപ്ലവം കഴിയുമ്പോൾ പുരുഷൻ അടിമത്തം ആരംഭിക്കുമോ?”

“ഇല്ല.”

“സ്ത്രീയുടെ അടിമത്തം തുടരുമോ?”

“ഒരിക്കലുമില്ല.”

“പിന്നെയെങ്ങനെയാണ് അവർ തമ്മിൽ വൈരുദ്ധ്യം?”

“അതല്ല. അത്തരം വൈരുദ്ധ്യങ്ങൾ ഒന്നുംതന്നെ ഉണ്ടാകാൻ വഴിയില്ല.”

“ഡയലക്റ്റിക്കൽ ഫിലോസഫി നിലനില്ക്കുമോ?”

“അത് സനാതനമാണ്.”

“രാഷ്ട്രം തുടരുമോ?”

“ആചാര്യൻ പറഞ്ഞതുപോലെ, രാഷ്ട്രം വാടിക്കരിഞ്ഞുപോകുംവരെ രാഷ്ട്രം നിലനിൽക്കും.”

“രാഷ്ട്രത്തിന് ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കുമോ?”

“ഉണ്ടായിരിക്കും.”

“അവർ ജനങ്ങൾ പറയുന്നതുപോലെ ചെയ്യുമോ?”

“ചെയ്യും.”

“എന്താണുറപ്പ്?”

“ഇന്നും ഭരണഘടനകളില്ലേ?”

“ഉണ്ട്.”

“അധികാരികൾ അതിനെ അനുസരിക്കാറുണ്ടോ?”

“ചുരുക്കമാണ്.”

“അന്നോ?”

“അന്ന് വൈരുദ്ധ്യമുണ്ടായിക്കൂടെ, ഭരണകർത്താക്കളും ഭരണീയരും തമ്മിൽ?”

“എനിക്കാലോചിക്കണം.”

“എങ്കിൽ ഇതുംകൂടി ആലോചിക്കുക. അന്ന് ശാസ്ത്രജ്ഞന്മാർ ഉണ്ടായിരിക്കുമോ? കലാകാരന്മാർ ഉണ്ടായിരിക്കുമോ? തത്ത്വജ്ഞാനികൾ ഉണ്ടായിരിക്കുമോ? വിപ്ലവം മുതൽ മനുഷ്യസമുദായം നിശ്ചലമാകുമോ? മതക്കാരുടെ സ്വർഗ്ഗംപോലെ നിത്യാനന്ദം സമാരംഭിക്കുമോ?”

“ആലോചിക്കാം. പക്ഷേ, ഇത്രയങ്ങോട്ട് നീട്ടി ആലോചിച്ചതുകൊണ്ട് ഇപ്പോൾ എന്താണ് ഫലം?”

“ഒന്നുമില്ല. നമുക്ക് ചായകുടിക്കാം.”

ഇവൻ എന്റെ പ്രിയപുത്രൻ 1953.

□

# സി. ജെ. തോമസ്



മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ടു് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ങിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതികമുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014